## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.**5891** **07/07/2014**-ൽ മറുപടിക്ക്

### പുരാവസ്തു മ്യൂസിയങ്ങളുടെ നവീകരണത്തിന് പദ്ധതി

ചോദ്യം

ശ്രീ. റ്റി.എൻ.പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി.റ്റി ബൽറാം :
ശ്രീ. വി.ഡി.സതീശൻ :

ഉത്തരം

ശ്രീ. കെ.സി. ജോസഫ്
(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | പുരാവസ്തു മ്യൂസിയങ്ങളുടെ നവീകരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) | പുരാവസ്തു മ്യൂസിയങ്ങളുടെ നവീകരണത്തിന് 'Setting up, Promotion and strengthening of Regional and and local Museums' എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്. നെടുമങ്ങാട് കോയിക്കൽ കൊട്ടാരം, തൃപ്പൂണിത്തുറ ഹിൽപാലസ് പുരാവസ്തു മ്യൂസിയം, കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയം എന്നീ മ്യൂസിയങ്ങളുടെ നവീകരണത്തിനായി 1379.02 ലക്ഷം രൂപയുടെ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ 80% കേന്ദ്ര സർക്കാരും 20% കേരള സർക്കാരുമാണ് വഹിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ ആദ്യഗഡുവായി കേന്ദ്ര സർക്കാർ 524.96 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 124.5 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഇത് കൂടാതെ 2014-15 വർഷം പത്മനാഭപുരം കൊട്ടാരം, കോയിക്കൽ കൊട്ടാരം, ഹിൽപാലസ് പുരാവസ്തു മ്യൂസിയം, കൃഷ്ണപുരം കൊട്ടാരം എന്നീ മ്യൂസിയങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി 407.8 ലക്ഷം രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (ബി) | മ്യൂസിയങ്ങളുടെയും ഗ്യാലറികളുടെയും നവീകരണം അവയുടെ സജ്ജീകരണം എന്നിവയാണ് പ്രസ്തുത പദ്ധതികൾ പ്രകാരം ലക്ഷ്യമിടുന്നത്. |
| (സി) | പ്രസ്തുത പദ്ധതി നടത്തിപ്പിനായി കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (സി) | പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഇതുവരെ കേന്ദ്ര സർക്കാരിൽ നിന്നും 524.96 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പുരാവസ്തുക്കൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (ഡി) | പുരാവസ്തുക്കൾ പ്രദർശിപ്പിക്കുന്നതിനുള്ള ഗ്യാലറികളുടെ സജ്ജീകരണം പുരാവസ്തുക്കളുടെ രാസ സംരക്ഷണം, ക്യാമറ, ക്ലോസ്ഡ് സർക്യൂട്ട് ടി.വി. സ്ഥാപിക്കൽ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2014 - 15 വർഷം പുരാവസ്തുക്കളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി 20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ